**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആറ്റുകാൽ പൊങ്കാല മഹോത്സവം 2019- വിവിധ വകുപ്പുകൾ നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് - ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 284/2019/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 11/02/2019**

---

പരാമർശം:- തിരുവനന്തപുരം ജില്ലാ കളക്ടറുടെ 17.01.2019 തീയതിയിലെ എസ്.9-3906/18 നമ്പർ കത്ത്

**ഉത്തരവ്**

2019 വർഷത്തെ ആറ്റുകാൽ പൊങ്കാല മഹോൽസവത്തോടനുബന്ധിച്ചുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകൾ നിർവ്വഹിക്കുന്ന പ്രവൃത്തികൾക്കായി **₹3,14,13,250/-** രൂപയുടെ എസ്റ്റിമേറ്റ്, ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശ കത്ത് മുഖേന സമർപ്പിക്കുകയുണ്ടായി

| ക്രമ നം. | നിർവ്വഹണ ഏജൻസി | അടങ്കൽ തുക |
|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി (പി.എച്ച്.) ഡിവിഷൻ | 12,15,000/- |
| 2 | കേരള വാട്ടർ അതോറിറ്റി (സീവേജ്) ഡിവിഷൻ | 69,67,000/- |
| 3 | തിരുവനന്തപുരം കോർപ്പറേഷൻ | 1,64,30,000/- |
| 4 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ വകുപ്പ് | 56,50,000/- |
| 5 | ജില്ലാ പോലീസ് മേധാവി, തിരുവനന്തപുരം | 4,99,750/- |
| 6 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെറുകിട ജലസേചന വകുപ്പ് | 6,51,500/- |
| | **ആകെ** | **3,14,13,250/-** |

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആറ്റുകാൽ പൊങ്കാല മഹോൽസവവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് മേൽ പട്ടിക പ്രകാരം ₹3,14,13,250/- (മൂന്ന് കോടി പതിന്നാല് ലക്ഷത്തി പതിമൂവായിരത്തി ഇരുന്നൂറ്റി അമ്പത് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിനാവശ്യമായ തുക 2217-01-800-94(Plan) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. പ്രവൃത്തികളുടെ തുക വിതരണം, ധനവിനിയോഗ സർട്ടിഫിക്കറ്റ്, ചെലവ് സംബന്ധിച്ച സ്റ്റേറ്റ്മെന്റ്, ബാക്കി വന്ന തുക എന്നിവ സർക്കാരിൽ യഥാസമയം സമർപ്പിക്കുന്നതിനും ഈ സാമ്പത്തിക വർഷം തന്നെ ടി തുക ധനവിനിയോഗം വഴി ക്രമപ്പെടുത്തുന്നതിനും തിരുവനന്തപുരം ജില്ലാ കളക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**ശ്രീകല സി.എസ്.**
**ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി**

ജില്ലാ കളക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനകുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (vide uo No. Dev-2/24/2019-Fin dated 05.02.2019)
റവന്യൂ (ദേവസ്വം) വകുപ്പ് (vide file No. REV-Dev.2/78/2019/REV)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**